**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1642** **16-10-2026-ൽ മറുപടിയ്ക്ക്**

**പെഡസ്ട്രിയൻ ക്രോസിംഗുകൾ സ്ഥാപിക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഫൈസൽ ബാബു

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** പ്രധാന നഗരങ്ങളിലും തിരക്കേറിയ റോഡുകളിലും കാൽനട യാത്രക്കാരുടെ സുരക്ഷയ്ക്കായി പെഡസ്ട്രിയൻ ക്രോസിംഗുകൾ, സീബ്രാ ക്രോസിംഗുകൾ, പെലിക്കൻ/സിഗ്നൽ ക്രോസിംഗുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ശാസ്ത്രീയമായി സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും പ്രത്യേക പദ്ധതി നടപ്പാക്കുമോ; ഇതിനായി പ്രധാന കേന്ദ്രങ്ങൾ കണ്ടെത്തി സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

**മറുപടി:** സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലും, തിരക്കേറിയ റോഡുകളിലും കാൽനടയാത്രക്കാരുടെ സുരക്ഷക്കായി പെഡസ്ട്രിയൻ ക്രോസിംഗുകൾ സീബ്രാ ക്രോസിംഗുകൾ, പെലിക്കൻ/സിഗ്നൽ ക്രോസിംഗുകൾ ഉൾപ്പടെയുള്ള സംവിധാനങ്ങൾ ശാസ്ത്രീയമായി സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും മോട്ടോർ വാഹന വകുപ്പ്, റോഡ് സുരക്ഷ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള പോലീസ്, നാറ്റ്പാക് എന്നിവയുടെ സഹകരണത്തോടെ നടപടി സ്വീകരിച്ച് വരുന്നു.

റോഡ് സുരക്ഷാ പദ്ധതികളെക്കുറിച്ച് 11-8-2026 ൽ ഗതാഗത വകുപ്പിൽ കൂടിയ യോഗത്തിൽ കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി എടുത്ത പ്രധാന തീരുമാനങ്ങൾ താഴെ പറയുന്നവയാണ്:

- **സീബ്രാ ക്രോസിംഗുകളുടെ വീതി കൂട്ടൽ (Widening of Zebra Crossings):** തിരുവനന്തപുരം നഗരത്തിലെ കിഴക്കേകോട്ട, പട്ടം, സ്റ്റാച്യു തുടങ്ങിയ പ്രധാന സ്ഥലങ്ങളിൽ, നിലവിലുള്ള 2 മുതൽ 4 മീറ്റർ വരെയുള്ള സീബ്രാ ക്രോസിംഗുകളുടെ വീതി 6 മുതൽ 8 മീറ്റർ വരെയാക്കി വികസിപ്പിക്കാൻ തീരുമാനിച്ചു.
- കിഴക്കേകോട്ടയിൽ സീബ്രാ ക്രോസിംഗ് വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് KRSA ഫണ്ടിൽ നിന്നും ഭരണാനുമതിയും തുകയും മോട്ടോർ വാഹന വകുപ്പിന് അനുവദിച്ചിട്ടുണ്ട്.
- **നടപ്പാതകളും (Footpaths) ബാരിക്കേഡുകളും:** നടപ്പാതകൾ വീതി കൂട്ടുന്നതിനായി KRFB/PWD-ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും, സൈഡ് ബാരിക്കേഡുകൾ സ്ഥാപിക്കുന്നതിനുള്ള ഡിസൈൻ സ്പെസിഫിക്കേഷനുകൾ NATPAC തയ്യാറാക്കി നൽകാനും തീരുമാനിച്ചു.
- **ഫൂട്ട് ഓവർ ബ്രിഡ്ജുകളുടെ (FOB) പുനരുദ്ധാരണം:** തിരുവനന്തപുരം നഗരത്തിലെ നിലവിലുള്ള ഫൂട്ട് ഓവർ ബ്രിഡ്ജുകളിൽ (FOB) ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ഉടൻ തന്നെ പ്രവർത്തനക്ഷമമാക്കാൻ തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷന് നിർദ്ദേശം നൽകി.

കൂടാതെ, കാൽനടയാത്രക്കാർ റോഡ് മുറിച്ചുകടക്കുന്നത് ഒഴിവാക്കാനായി എഫ്.ഒ.ബി-കൾക്ക് താഴെയായി മീഡിയൻ ഫെൻസിങ് (Median Fencing) നടപ്പിലാക്കാനും തീരുമാനിച്ചു.

- **സീബ്രാ ക്രോസിംഗുകളിലെ റോഡ് മാർക്കിംഗ്:** കാൽനടയാത്രക്കാർക്ക് വേഗത കുറയ്ക്കേണ്ടതിന്റെ ആവശ്യം ബോധ്യപ്പെടുത്തുന്നതിനായി സീബ്രാ ക്രോസിംഗുകളിൽ പെർപെൻഡിക്കുലർ റോഡ് മാർക്കിംഗുകൾ **(Perpendicular Road Markings)** ശാസ്ത്രീയമായി നടപ്പിലാക്കുന്നത് പരിശോധിക്കാൻ തീരുമാനിച്ചു.

**സെക്ഷൻ ഓഫീസർ**